DESPATCHED
On. 6/2/23...

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1517*(2)/2020*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **13141**/*എസ്.ഐ.സി-ജി 6/20*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.പി.യു.മാർക്കോസ്,
പണിക്കാപ്പറമ്പിൽ ഹൗസ്,
കുപ്പാടി പി.ഒ.,
സുൽത്താൻബത്തേരി.** } **അപ്പീൽ ഹർജിക്കാരൻ**

Vs

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ഹെൽത്ത് ഇൻസ്പെക്ടർ,
സുൽത്താൻ ബത്തേരി നഗരസഭാ കാര്യാലയം,
സുൽത്താൻ ബത്തേരി പി.ഒ.,
പിൻ - 673 592.**

2. **അപ്പീൽ അധികാരി&
സെക്രട്ടറി,
സുൽത്താൻ ബത്തേരി നഗരസഭാ കാര്യാലയം,
സുൽത്താൻ ബത്തേരി പി.ഒ.,
പിൻ - 673 592.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 24.07.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 06.08.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 10.08.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 25.09.2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 14.11. 2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 19.11. 2020 |
| ഹിയറിംഗ് നടന്ന തീയതി | 16.12.2022, വീഡിയോ കോൺഫറൻസിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കു തെറ്റായ മറുപടി യാണ് ലഭ്യമാക്കിയതെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 24.07.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) ഹർജിക്കാരൻ 16.06.2020ന് സുൽത്താൻ ബത്തേരി നഗരസഭയുടെ പഴയ ബസ്സ്റ്റാന്റിനുള്ളിൽ കടല വിൽപ്പനയും ലഹരി മരുന്നുകൾ വിൽപ്പന നടത്തുകയും ചെയ്യുന്ന ആളുകൾക്കെതിരെ നൽകിയ പരാതിയിൽ എന്തു നടപടി സ്വീകരിച്ചുവെന്നതിന്റെ പൂർണ്ണ വിവരങ്ങളും രേഖകളുടെ കോപ്പിയും നൽകണമെന്നും

2) ലഹരി മരുന്നുകൾ വിൽപ്പന നടത്തിയതിന് നഗരസഭ പൂട്ടി സീൽ ചെയ്ത മുറിക്ക് (68–ാം നമ്പർ) വീണ്ടും ലൈസൻസ് നൽകിയിട്ടുണ്ടോ യെന്നും ഉണ്ടെങ്കിൽ എന്തു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ എന്നതു സംബന്ധിച്ച വിവരം നൽകണമെന്നും

3) 16.06.2020ന് അപേക്ഷകൻ നൽകിയ പരാതിയുടെ കോപ്പിയും അതോടൊപ്പം നൽകിയ 6 ഇനം രേഖകളുടെ കോപ്പിയും അറ്റസ്റ്റ് ചെയ്തത് നൽകണമെന്നും

4) 16.06.2020ന് മേൽ ഓഫീസിൽ നൽകിയ പരാതിയുടെ പൂർണ്ണ വിവര ങ്ങളടങ്ങുന്ന റിപ്പോർട്ടിന്റെ കോപ്പി നൽകണമെന്നുമാണ്.

ആയതിന് 06.08.2020ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടി യിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 25.09.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്,

1) ടി ഓഫീസിൽ ലഭ്യമായ ബി.പി.എൽ. ലിസ്റ്റ് പരിശോധിച്ചതിൽ ആയതിൽ ടിയാൻ ഉൾപ്പെട്ടതായി കാണുന്നില്ലെന്നും ആയതിനാൽ

രേഖകൾക്ക് പകർപ്പൊന്നിന് 2 രൂപ പ്രകാരം 20 രൂപ അടക്കുന്ന മുറയ്ക്ക് അനുവദിക്കുമെന്നാണ്.

2) കടല വറുത്ത് വിൽപ്പനയെന്ന വ്യാജേന ലഹരിമരുന്ന് വിൽപ്പന നടത്തുന്നതിന്റെ വിവരങ്ങൾ ടി ഓഫീസിൽ ലഭ്യമല്ലെന്നാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന് തെറ്റായ മറുപടിയാണ് ലഭ്യമായതെന്നാണ് കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധ രേഖകളും റിപ്പോർട്ടും പരിശോധിച്ചതിൽ മറുപടിയും രേഖകളും ബി.പി.എൽ.സർട്ടിഫിക്കറ്റ് പരിഗണിച്ച് ടിയാന് നൽകിയിട്ടുള്ളതായി കാണുന്നതിനാൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ഡിസംബർ 21–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/